## ആണുങ്ങളായ മനുഷ്യർക്ക് മാത്രമാണോ ഔന്നത്യം?

**'ഖുർആൻ** ഒരു പെൺവായന' വായിച്ച് എസ്.എം മുഹമ്മദ് കോയ ഖുർആന് മറ്റൊരു വായന നടത്തിയിരിക്കുന്നു (ലക്കം 15). അല്ലാഹു സുജൂദ് ചെയ്യാൻ കൽപിച്ചതും മലക്കുകൾ സുജൂദ് ചെയ്തതും ആണിന്റെ മുന്നിലാണെന്ന്. 'ആണിനെ' ഗാഢനിദ്രയിലാഴ്ത്തി വാരിയെല്ലുകളിൽ ഒന്ന് ഊരിയെടുത്ത് കർത്താവ് പെണ്ണിനെ ഉണ്ടാക്കി എന്ന ബൈബിൾ വായന (മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി എന്ന് ബൈബിൾ) സഹിക്കാം. ബൈബിൾ വചനത്തോട് ഖുർആൻ (4:1) സർവാത്മനാ(?) യോജിക്കുന്നു എന്ന് എഴുതുന്നത് എങ്ങനെ സഹിക്കും? ബൈബിളിൽ പറയുംപോലെ കർത്താവ് മനുഷ്യനെ ബോധംകെടുത്തി ശസ്ത്രക്രിയ ചെയ്ത ആദ്യത്തെ ഭിഷഗ്വരനായി എന്ന് ഖുർആനിൽ ഒരാൾ വായിക്കുമ്പോൾ, ഇത് ശരിയല്ലെന്ന് ചൂണ്ടിക്കാട്ടാതെ വയ്യ. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് ആണിന്റെ രൂപവും ഉള്ളടക്കവും നൽകിക്കൊണ്ടാണ് എന്ന അബദ്ധധാരണ തിരുത്തണമെന്ന് ആവശ്യപ്പെടാൻ ആമിനാ വദൂദിനു മാത്രമല്ല എല്ലാ പെണ്ണുങ്ങൾക്കും അവകാശമുണ്ട്.

പൂർണമായും ഖുർആന്റെ പരിധിക്കകത്ത് നിൽക്കുന്നു എന്ന ഉറപ്പോടെ മുഹമ്മദ് കോയ പരാമർശവിധേയമാക്കിയ എല്ലാ കാര്യങ്ങളും വിമർശനം ആവശ്യപ്പെടുന്നുണ്ട്. ഒറ്റച്ചോദ്യം മാത്രം: മനുഷ്യവർഗമല്ല, ആണുങ്ങളായ മനുഷ്യർ മാത്രമാണ്, മലക്കുകളേക്കാൾ ഔന്നത്യമുള്ളവർ എന്നു മനസ്സിലാക്കിക്കൊണ്ട് ജീവിക്കലാണോ ബുദ്ധി?

**ഫഹ്സ, ചെറുവറ്റ**
**കോഴിക്കോട്**

## കത്തുകൾ




# ജന്മം നൽകിയ ഉമ്മമാരേക്കാൾ കേമന്മാരോ ആണുങ്ങൾ?

**ഖുർആൻ** ഒരു നിഷ്പക്ഷ വായന (ലക്കം 15) എന്ന പ്രതികരണം വായിച്ചു. ദൈവിക ഗ്രന്ഥത്തെ പെൺവായന നടത്താൻ ശ്രമിച്ച ആമിന വദൂദിന്റെ ഗ്രന്ഥത്തിനുള്ള വിമർശനമായിരുന്നു ആ ലേഖനം. പക്ഷേ, അതു തീരെ അപക്വവും സ്ത്രീവിരുദ്ധവുമായി. ആണിന്റെയും പെണ്ണിന്റെയും പക്ഷം പിടിക്കാതെ വിഷയത്തെ സമീപിക്കുന്നു എന്ന പൊയ്‌വാക്കോടെ തുടങ്ങുന്ന ലേഖനം, ലേഖകന്റെ ധിഷണാ ദാരിദ്ര്യം വെളിവാക്കുന്നതായി.

പുരുഷന് സ്ത്രീയുടെ മേൽ ഔൽകൃഷ്ട്യം നൽകിയിരിക്കുന്നു എന്ന നിരീക്ഷണം തന്നെ ഇസ്‌ലാമിക വിരുദ്ധമാണ്. മാലാഖമാർ ആദിമനുഷ്യനെ പ്രണമിച്ചപ്പോൾ പുരുഷന് മേന്മകിട്ടി പോലും. ഹവ്വ ഇല്ലാതിരുന്നപ്പോൾ നടന്ന പ്രണാമം എങ്ങനെയാണ് ആണിനെ ഒന്നാമനാക്കുന്നത്? പിന്നീട് സ്ത്രീയുടെ സൃഷ്ടി നടക്കുന്നത് ആദമിനെ സൃഷ്ടിച്ച ചേരുവകളുടെ സങ്കലനത്തിൽനിന്നല്ല, പ്രത്യുത ആദമിൽ നിന്നു തന്നെ. ഒരർഥത്തിൽ ആദമിന്റെ ഒപ്പം ഇണയുമുണ്ടായിരുന്നു. മലക്കുകൾ പ്രണമിച്ച ആദം സ്ത്രീയെക്കൂടി ഉൾക്കൊണ്ടിരുന്ന അസ്തിത്വമാണ്.

ഖുർആനും നബിവചനങ്ങളും പഠിപ്പിക്കുന്നത് സ്ത്രീയുടെ ഔന്നത്യമാണ്. ബീജദാനത്തിനു ശേഷം യാതൊരു ഉത്തരവാദിത്വവും പുരുഷന് പ്രകൃതി നൽകിയിട്ടില്ല. മാസങ്ങൾ ദൈർഘ്യമുള്ള ഗർഭകാലവും, പിന്നീടുള്ള മുലയൂട്ടൽ വേളയും നൽകി സ്ത്രീ മാനിക്കപ്പെട്ടിരിക്കുന്നു. അമ്മയായതുകൊണ്ട് സ്ത്രീക്കാണ് പ്രഥമ സ്ഥാനം ഖുർആൻ നൽകിയത്. സൂറ *അന്നിസാഇലെ* 34-ാം വാക്യത്തിലെ ഖവ്വാമൂൻ എന്ന പ്രയോഗത്തിന്റെ അർഥം തിരിയാതെ പോയ ആദ്യത്തെ ആളല്ല പ്രതികരണക്കാരൻ. ജന്മം നൽകിയ ഉമ്മമാരേക്കാൾ തങ്ങളാണ് ഉന്നതരെന്ന ധാർഷ്ട്യത്തിൽനിന്നാണ് പ്രസ്തുത അർഥകൽപന വരുന്നത്.

ഖുർആൻ ആണുങ്ങളുടെ കേമത്തം സ്ഥാപിക്കാൻ അവതരിച്ച ഗ്രന്ഥമല്ല. മാനവികതക്ക് മാർഗനിർദേശം നൽകാനുള്ള ഗ്രന്ഥത്തിൽ ആയതിനാവശ്യമായ കാര്യങ്ങളാണ് പരാമർശിക്കുന്നത്. അവിടെ ഫിർഔൻ, ആസർ ഉൾപ്പെടെയുള്ള ആണുങ്ങളുടെ പേരുപറഞ്ഞു എന്നതു മേനി നടിക്കാനുള്ള കാര്യമൊന്നുമല്ല. തിരുനബിയുടെ സഹാക്കളിൽ സൈദിന്റെ നാമം മാത്രമാണ് ഖുർആൻ ഉദ്ധരിച്ചത്. അതുകൊണ്ട് മറ്റുള്ളവരെയൊക്കെ പദവിയിൽ കുറഞ്ഞവരായി കാണാൻ കഴിയുമോ?

**റസിയ വാളൂർ**

# സ്ത്രീപക്ഷ വായനക്കെതിരെ പുരുഷ കൈയേറ്റം

**ആമിന** വദൂദിന്റെ 'ഖുർആൻ ഒരു പെൺവായന' എന്ന കൃതിയെ വിമർശനാത്മകമായി വിലയിരുത്തുന്ന ലേഖനം ആണ് ഈ കുറിപ്പിന് ആധാരം. ലേഖനത്തിലുടനീളം 'സ്ത്രീപക്ഷവായന'ക്കെതിരെ കൈയേറ്റം തന്നെയാണ് നടന്നിരിക്കുന്നത്. സ്വാഭാവികമായും അതിന് പുരുഷ പക്ഷ വായനയുടെ സ്വരം തന്നെയാണ്.

ആദമിന്റെ മുന്നിൽ സാഷ്ടാംഗം ചെയ്യാൻ മലക്കുകളോട് കൽപിച്ചതുമൂലം അല്ലാഹു മനുഷ്യന്റെ മഹത്വമാണ് ഉയർത്തിയിരിക്കുന്നത്. അല്ലാതെ കേവലം ആണിന്റെയല്ല. അല്ലാഹുവിന്റെ പ്രതിനിധി എന്ന പദവി ആണിനും പെണ്ണിനും ബാധകമായിരിക്കെ, ആദമിന്റെ പേർ ഉദ്ധരിച്ചതുമൂലം ആ ക്രെഡിറ്റ് ആണുങ്ങൾക്ക് മാത്രം നൽകുന്നത് പക്ഷപാതപരമല്ലേ?

ലിംഗനിർണയം പുരുഷന്റെ കുത്തകതന്നെ. ഒരുകാലത്ത് ഇതേ ലിംഗനിർണയ ചുമതല ആരോപിക്കപ്പെട്ട് സ്ത്രീകൾ ദുരിതം അനുഭവിച്ചിരുന്നുവെങ്കിൽ ഇതേ ലിംഗനിർണയത്തിന്റെ പേരിൽ പുരുഷൻ അഭിമാനിക്കുന്നത് ആശ്ചര്യകരമാണ്. എന്നാൽ ആണിന് അത് മാത്രമേ ഉള്ളൂ അവകാശപ്പെടാൻ. സ്ത്രീയുടെ അണ്ഡം വലുപ്പത്തിന്റെയും സന്താനം ഉണ്ടാകുന്നതിലെ പങ്കിന്റെയും കാര്യത്തിൽ പുരുഷ ബീജത്തെക്കാളും എത്രയോ മുന്നിലാണ്. പുരുഷ ബീജത്തിലെ ക്രോമസോമുകൾ മാത്രമേ ആദ്യസന്താന കോശത്തിൽ ലഭിക്കുന്നുള്ളൂ. എന്നാൽ മാതാവിന്റെ അണ്ഡം തന്നെയാണ് സന്താനമായി വളരുന്നത്. ആയതിനാൽ സന്താനത്തിന്റെ ഏറിയ ഭാഗവും മാതാവു തന്നെയാണ്. സന്താനത്തെ വളർത്തുന്നതിലുള്ള പങ്ക് പരാമർശിക്കേണ്ടതില്ലല്ലോ! അതുകൊണ്ട് ആ ക്രെഡിറ്റ് സ്ത്രീകൾക്കിരിക്കട്ടെ.

സ്ത്രീകൾക്ക് നേതൃത്വത്തിനുള്ള അവകാശം നിഷേധിക്കുന്നതിനുള്ള അടി

സ്ഥാനം എന്താണ്? ഒരു നേതാവിന് വേണ്ടത് നേതൃപാടവം ആണ്. അതുള്ളവർ ആണായാലും പെണ്ണായാലും അതേറ്റെടുക്കണം. ശാരീരികവും മറ്റുമായ കാരണങ്ങളാൽ പുരുഷന്മാർക്കാണ് ഈ കഴിവ് കൂടുതൽ എന്നുമാത്രം. അതുകൊണ്ട് നേതൃപാടവമുള്ള ഒരു സ്ത്രീക്ക് നേതാവായിക്കൂടാ എന്ന് വാദിക്കാമോ?

പുസ്തകത്തെക്കുറിച്ച് ചില വിയോജിപ്പുകൾ ഉണ്ട്. ഇതുവരെയുള്ള ഖുർആൻ വ്യാഖ്യാനങ്ങൾ പുരുഷപക്ഷപാതപരമാണെന്ന മുൻവിധി പുസ്തകത്തിലുടനീളമുണ്ട്. ഇത് പുസ്തകത്തിന്റെ സ്വീകാര്യത കുറക്കും.

**ഡോ. അബ്ദുൽവദൂദ് എടക്കഴിയൂർ**

## കാപാലികപ്പടയെ പിടിച്ചുകെട്ടണം

**അന്യമത** വിദ്വേഷത്തിന്റെ ആസുരഭാവം പൂണ്ട ഹൈന്ദവ തീവ്ര വർഗീയതയുടെ അവതാരങ്ങൾ ഒറീസയിലെ അറുന്നൂറോളം ചർച്ചുകൾക്ക് നേരെയാണ് ആക്രമണമഴിച്ചുവിട്ടത്. വി.എച്ച്.പി നേതാവിന്റെ കൊലയുടെ ഉത്തരവാദിത്വം മാവോയിസ്റ്റുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും, കുറ്റം അവിടത്തെ മൊത്തം ക്രൈസ്തവ സമൂഹത്തിൽ വെച്ചുകെട്ടി ഗുജറാത്ത് മോഡൽ നടപ്പാക്കുകയായിരുന്നു.

ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തിയിട്ടുള്ള രാജ്യത്തെ നിയമം, ഹിന്ദുത്വ വർഗീയ കാപാലികരുടെ മുന്നിൽ നോക്കുകുത്തിയായി മാറിയിരിക്കുന്ന ഭയാനകദൃശ്യമാണ് ഒറീസയിൽ കണ്ടത്. അക്രമികൾ ആർത്തിരമ്പി പാഞ്ഞടുക്കുമ്പോൾ തടുക്കാനോ ചെറുക്കാനോ മെനക്കെടാതെ നിയമപാലകരായ പോലീസുകാർ നിസ്സംഗരായി നിൽക്കുന്നു.

ദുഷ്ട രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി ഈ ആസുര സംഘം ഇരുന്നൂറിലേറെ ഗ്രാമങ്ങളിലായി ആയിരത്തോളം കുടുംബങ്ങളിൽ ചോരക്കളം തീർത്തിട്ടും, ഈ കാപാലികപ്പടയെ തളച്ച് നാടിനെ രക്ഷിക്കാൻ കേന്ദ്രസർക്കാർ ജാഗ്രത കൈക്കൊള്ളാതെ പോവുന്നതെന്തേ? ആർ.

## ആ വാർത്ത ശരിയല്ല

**2008** ആഗസ്റ്റ് 9, ലക്കം 10 *പ്രബോധന*ത്തിൽ 'എസ്.ഐ.ഒ കരുത്ത് തെളിയിച്ചു' എന്ന തലക്കെട്ടിൽ എടവണ്ണ ജാമിഅ നദ്‌വിയ്യ കോളേജിൽ എസ്.ഐ.ഒക്ക് യൂനിയൻ ഭരണം ലഭിച്ചു എന്ന വാർത്ത ശരിയല്ല. ഇവിടെ സംഘടനാ അടിസ്ഥാനത്തിലല്ല യൂനിയൻ തെരഞ്ഞെടുപ്പ് നടന്നത്.

**പ്രിൻസിപ്പൽ**
**ജാമിഅ നദ്‌വിയ്യ, എടവണ്ണ**

എസ്.എസ്, വി.എച്ച്.പി, ബജ്റംഗ്ദൾ, ബി.ജെ.പി, എ.ബി.വി.പി തുടങ്ങിയ വർഗീയ കോമരങ്ങൾ ഒറീസയിൽ അഴിഞ്ഞാടുകയാണെന്ന് സംഭവസ്ഥലം സന്ദർശിച്ച വികുഞ്ജ് ബൂട്ടിയ എന്ന പത്രപ്രവർത്തകൻ റിപ്പോർട്ട് ചെയ്യുമ്പോൾ, രാജ്യത്ത് ഏതെങ്കിലും സംഘടനകളെ നിരോധിക്കുന്നുവെങ്കിൽ അത് വി.എച്ച്.പിയെയും ബജ്റംഗ്ദളിനെയുമായിരിക്കണം എന്ന മനുഷ്യാവകാശ പ്രവർത്തക ടീസ്റ്റ സെറ്റിൽവാദിന്റെ നിരീക്ഷണത്തിന് പ്രസക്തിയേറുകയാണ്.

**റഹ്മാൻ മധുരക്കുഴി**

## പൊതുസമൂഹത്തെ കൂടെ നിർത്തണം

**സംഘ്പരിവാർ** അജണ്ടകൾ പരീക്ഷിക്കപ്പെടുന്ന അത്യന്തം ഹൃദയഭേദകമായ കാഴ്ചയാണ് ഒറീസയിലും മംഗലാപുരത്തും കാണാൻ കഴിഞ്ഞത്. ഗുജറാത്ത് വംശഹത്യയുടെ നീറുന്ന സ്മരണകൾ മായാതെ നിൽക്കുമ്പോഴാണ് ന്യൂനപക്ഷങ്ങളുടെ നിലനിൽപിനെ പോലും ചോദ്യം ചെയ്യുന്ന പുതിയ സ്ഥിതിവിശേഷം.

ബജ്റംഗ്ദളിന്റെ നേതൃത്വത്തിൽ ആരാധനാലയങ്ങൾ അക്രമിക്കപ്പെടുന്നതും ദൽഹി സ്ഫോടനത്തിന്റെ തീ അണയും മുമ്പെ പ്രതികളെ മുസ്‌ലിം സമുദായത്തിൽനിന്നു തന്നെ കണ്ടെത്തുന്നതും പോലീസും മാധ്യമങ്ങളും ചേർന്ന് 'മുസ്‌ലിം ഭീകരത' ആഘോഷിച്ചതും നാം കണ്ടു.

ഒറീസയിലും മംഗലാപുരത്തും ദൽഹിയിലെ സ്ഫോടനാനന്തര സംഭവവികാസങ്ങളിലും ന്യൂനപക്ഷ വിരുദ്ധത വളരെ പ്രകടമാണ്. ന്യൂനപക്ഷങ്ങൾ ഈ സന്ദർഭത്തിൽ എന്ത് നിലപാട് സ്വീകരിക്കണം എന്ന ചോദ്യം പ്രസക്തമാണ്. പ്രകോപനവും വൈകാരികതയും കൈവെടിഞ്ഞ് നിഷ്പക്ഷ മനസ്സുകളെ ഒപ്പം നിർത്താൻ ന്യൂനപക്ഷങ്ങൾക്ക് കഴിയണം. രാംപുരിയാനിയെപ്പോലുള്ള പൊതുപ്രവർത്തകർ രംഗത്തുണ്ടെന്നുള്ളത് ആശ്വാസകരമാണ്.

**ഇൻസാഫ് പതിമംഗലം**

## ചെങ്ങറ സമരത്തെ സഹായിക്കുക

**ചെങ്ങറയിൽ** പാവപ്പെട്ട തൊഴിലാളികൾ നടത്തിവരുന്ന സമരത്തെ കൈയൂക്ക് കൊണ്ട് നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ് ചില ഗുണ്ടാ മാഫിയകളും ഭരണ പാർട്ടിയുടെ ഏജന്റുമാരും. ന്യായമായ ഒരു സമരത്തിൽ പങ്കെടുക്കുന്ന തൊഴിലാളികളോട് യാതൊരുവിധ ദയാദാക്ഷിണ്യവും കാണിക്കില്ലെന്ന ശാഠ്യത്തിലാണ് അവർ. പ്രതിപക്ഷ നേതാവായിരുന്ന കാലത്ത് താൻ പിന്തുണച്ച സമരങ്ങളുടെ കാര്യത്തിൽ ഊറ്റം കൊള്ളാറുള്ള മുഖ്യമന്ത്രി അച്യുതാനന്ദൻ പോലും നിഷേധാത്മക നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചു കാണുന്നത്. ഇത്തരം സമരങ്ങളുടെ നേരെയുള്ള രാഷ്ട്രീയ പാർട്ടികളുടെ അവസരവാദ നിലപാടുകൾ ജനം തിരിച്ചറിഞ്ഞിരിക്കുന്നു.

**എൻ.പി അബ്ദുൽ കരീം**
**ചേന്ദമംഗല്ലൂർ**

## ചുരുക്കെഴുത്ത്

**യഥാർഥ** കുറ്റവാളികളെ തേടിപ്പോകുന്നതിനു പകരം, ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ എന്ന മട്ടിൽ എല്ലാവിധ സ്ഫോടനങ്ങളും ഭീകര ആക്രമണങ്ങളും മുസ്‌ലിംകളുടെ പേരിൽ വരവ് വെക്കുകയാണ് മീഡിയയും ഭരണാധികാരികളും പോലീസ് വകുപ്പും. കേട്ടറിവും പോലീസ് കൊടുക്കുന്ന വാർത്തയും വെച്ച് തോന്നിയ പടി കഥകൾ മെനയുകയാണ് മാധ്യമങ്ങൾ. നിഷ്പക്ഷ അന്വേഷണം നടന്നാൽ വർഗീയ കോമരങ്ങളും ഭരണമേധാവികളും ഒക്കെ തന്നെയാവും പ്രതിപ്പട്ടികയിൽ വരിക.

**നേമം താജുദ്ദീൻ**

**മുസ്‌ലിമായി** ജനിച്ച ഒരാൾക്ക് താൻ നിൽക്കുന്ന ഇസ്‌ലാമെന്ന മണ്ണിനെ തിരിച്ചറിയാനും അതിന്റെ ശോഭ കണ്ടറിയാനും ഉതകുന്ന പരമ്പരയാണ് മുനാ പണിക്കർ എഴുതുന്ന 'സത്യവിശ്വാസത്തിന്റെ സോപാനത്തിൽ.' ആരെയും ആകർഷിക്കുന്നതാണ് അവരുടെ അവതരണ ശൈലി. മതങ്ങളുടെ പുതുമയാർന്ന ഒരു താരതമ്യ പഠന രീതി കൂടി അവർ ആവിഷ്കരിക്കുന്നു.

**സി.എച്ച് റിസ്‌വാന കോഴിക്കോട്**